# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/166/2017 പത്രക്കുറിപ്പ് 2017 ആഗസ്റ്റ് 08

**എം. ജി ബി. പി. എഡ്/ബി. എൽ. ഐ. എസ്സി ഏകജാലകം : ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധികരിച്ചു.**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴി 2017ൽ ബി. പി. എഡ്/ബി. എൽ. ഐ. എസ്സി. പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് ആഗസ്റ്റ് 11 ന് വൈകുന്നേരം നാലു മണിക്കു മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്. ആഗസ്റ്റ് 11ന് വൈകുന്നേരം നാലു മണിക്കു മുൻപായി ഫീസ് അടക്കാത്തവരുടെയും ഫീസടച്ച ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

അപേക്ഷകൻ തനിക്ക് ലഭിച്ച അലോട്ട്മെന്റിൽ തൃപ്തനാണെങ്കിൽ നിലനിൽക്കുന്ന ഹയർ ഓപ്ഷനുകൾ ഡിലീറ്റ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഹയർ ഓപ്ഷനുകൾ ഡിലീറ്റ് ചെയ്യാതിരിക്കുകയും തന്മൂലം രണ്ടാം സ്പെഷ്യൽ അലോട്ട്മെന്റിൽ പുതുതായി ഹയർ ഓപ്ഷനിലെ മറ്റൊരു പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് അലോട്ട്മെന്റ് ലഭിക്കുകയും ചെയ്യുന്ന പക്ഷം പുതുതായി അലോട്മെന്റ് ലഭിച്ച പ്രോഗ്രാമിലേക്ക്/കോളേജിലേക്ക് നിർബന്ധമായും പ്രവേശനം സ്വകരിക്കേണ്ടതായി വരും. കൂടാതെ അവർക്ക് ആദ്യം ലഭിച്ച അലോട്ട്മെന്റ് നഷ്ടപ്പെടുകയും ചെയ്യും. സ്ഥിര പ്രവേശം നേടിയവർ ഹയർ ഓപ്ഷനുകൾ റദ്ദാക്കേണ്ടതില്ല. ആഗസ്റ്റ് 12 മുതൽ 14 വരെ ഓപ്ഷനുകൾ പുനക്രമീകരിക്കാം. ഹയർ ഓപ്ഷനുകൾ നിലനിർത്തുവാൻ ആഗ്രഹിക്കുന്ന അപേക്ഷകർ ഒഴികെയുള്ളവർ കോളേജുകളിൽ നിശ്ചിത ട്യൂഷൻ ഫീസടച്ച് സ്ഥിര പ്രവേശനം ഉറപ്പു വരുത്തേണ്ടതാണ്.

വിവിധ പ്രോഗ്രാമുകളിലേക്കുള്ള ഫീസ് സംബന്ധിച്ച ഉത്തരവുകൾ ക്യാപ്പ് വെബ്സൈറ്റിൽ നല്കിയിട്ടുണ്ട്. സർവ്വകലാശാല നിഷ്കർഷിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ ഫീസ് ഈടാക്കുന്ന കോളേജുകൾക്കെതിരെ ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

**അവസാന മേഴ്സിചാൻസ് പരീക്ഷ**

ഒന്നു മുതൽ നാലു വരെ സെമസ്റ്റർ എം. എസ്സി. മൈക്രോ ബയോളജി, ബയോകെമിസ്ട്രി ആന്റ് ബയോടെക്നോളജി (പഴയ സ്കീം - 2012 ന് മുൻപുള്ള അഡ്മിഷൻ) ഡിഗ്രി അവസാന മേഴ്സിചാൻസ് പരീക്ഷകൾക്ക് അപേക്ഷകൾ പിഴയില്ലാതെ ആഗസ്റ്റ് 10 വരെയും, 50 രൂപ പിഴയോടെ 11 വരെയും, 500 രൂപ സൂപ്പർഫൈനോടെ 18 വരെയും സ്വീകരിക്കും. അപേക്ഷകർ 10000/- രൂപ സ്പെഷ്യൽ ഫീസായി നിശ്ചിത പരീക്ഷാഫീസിനും സി.വി ക്യാമ്പ് ഫീസിനും പുറമേ അടക്കണം. പരീക്ഷാ തിയതി പിന്നീടറിയിക്കും.

**ബി. കോം ഓഫ് ക്യാമ്പസ് പ്രാക്ടിക്കൽ പരീക്ഷ (ദയവായി എല്ലാ എഡീഷനുകളിലും)**

2017 ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തിയ രണ്ടും മൂന്നും വർഷ ബി. കോം ഓഫ് ക്യാമ്പസ് (കംപ്യൂട്ടർ ആപ്ലിക്കേഷൻ) ഡിഗ്രി പരീക്ഷയുടെ കോട്ടയം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം ജില്ലകളിലെ വിദ്യാർത്ഥികൾക്കായി തൊടുപുഴ യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനിയറിംഗിൽ വച്ച് നടത്താനിരുന്നതും മാറ്റിവച്ചതുമായ പ്രാക്ടിക്കൽ ആഗസ്റ്റ് 12, 19, 26 തിയതികളിൽ പാലാ, ചുണ്ടച്ചേരി സെന്റ് ജോസഫ്സ് കോളേജ് ഓഫ് എഞ്ചിനിയറിംഗ് ആന്റ് ടെക്നോളജിയിൽ വച്ച് നടത്തും. വിദ്യാർത്ഥികൾ രജിസ്റ്റർ നമ്പർ ക്രമത്തിൽ ബന്ധപ്പെട്ട ദിവസം ഹാൾടിക്കറ്റും തിരിച്ചറിയൽ രേഖയും സഹിതം ഹാജരാകണം. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**ബി. സി. എ. ഓഫ് ക്യാമ്പസ് : പുതുക്കിയ പ്രാക്ടിക്കൽ ടൈംടേബിൾ (ദയവായി എല്ലാ എഡീഷനുകളിലും)**

2017 ഏപ്രിലിൽ നടത്തിയ ഒന്നു മുതൽ ആറു വരെ സെമസ്റ്റർ ബി. സി. എ (ഓഫ് ക്യാമ്പസ്-സപ്ലിമെന്ററി/മേഴ്സിചാൻസ്- 2012 ന് മുൻപുള്ള അഡ്മിഷൻ & സി. ബി. സി. എസ്. എസ് - 2012 മുതലുള്ള അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പുതുക്കിയ ഷെഡ്യൂൾ അനുസരിച്ച് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, ഇടുക്കി എന്നീ ജില്ലകളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കായി പ്രാക്ടിക്കൽ ആഗസ്റ്റ് 12, 13 തീയതികളിൽ കോട്ടയം രാമപുരം മാർ അഗസ്റ്റിനോസ് കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പി. എച്ച്. ഡി. നൽകി**

മഹാത്മാഗാന്ധി സർവ്വകലാശാല പി. കെ. അമ്പിളി (ബയോകെമിസ്ട്രി), എ. ആർ. ബിന്ദു (ഫാർമസി), സിബിച്ചൻ ജോസഫ് (മാനേജ്മെന്റ് സ്റ്റഡീസ്), എസ്. ധന്യ (മൈക്രോബയോളജി), ഡി. പ്രമോദ്, മായ. ജെ. പിള്ള, ആലി മോളി വർഗ്ഗീസ്, പി. എസ്. സ്മിത (എഡ്യൂക്കേഷൻ), എം. വി. ഗായത്രി, സി. വി. അനുപമ നായർ, ബിനുജ ജോസഫ്, ജിഷ ജോൺ (ഇംഗ്ലീഷ്), എസ്. ചിത്ര (ബയോസയൻസ്), എൻ. പി. ദേവി (ഫിസിയോളജി), തങ്കച്ചൻ മാത്യൂ (ഫിസിക്കൽ എഡ്യൂക്കേഷൻ), സന്ധ്യ ഗോവിന്ദൻ (സ്പെഷ്യൽ എഡ്യൂക്കേഷൻ), ബിജു. പി. കെ. പറയപറമ്പിൽ (കെമിസ്ട്രി), കിരൺ മാത്യു, പൗലോസ് തോമസ് (ഫിസിക്സ്), കെ. ജെ. മാത്യൂ, ഇബ്രാഹിം ചോലയ്ക്കൽ, കെ. ജി. തദേവൂസ് (ഇക്കണോമിക്സ്), രാജേഷ്കുര്യൻ, പി. ലിജീഷ് (കോമേഴ്സ്), ബുദ ലോറെൻസോ (സിറിയക്), കെ. നിതിൻ (മാസ്സ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം), ജിജോ മാത്യൂ (മലയാളം), റേട്ടാ മെലാകു ഭെയ്സാ (ഡെവലപ്മെന്റ് സ്റ്റഡീസ്) എന്നിവർക്ക് പി. എച്ച്. ഡി നൽകി.

**സംവരണ സീറ്റൊഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ബയോസയൻസസിൽ നടത്തുന്ന എം. എസ്സി. ബയോഫിസിക്സ്, എം. എസ്സി. മൈക്രോബയോളജി കോഴ്സുകളിൽ 2017 - 19 അധ്യയന വർഷത്തിൽ എസ്.ടി വിഭാഗത്തിൽ ഓരോ സീറ്റു വീതം ഒഴിവുണ്ട്. യോഗ്യരായ വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ആഗസ്റ്റ് 10 ന് രാവിലെ 11 മണിക്ക് സ്കൂൾ ഓഫ് ബയോസയൻസസിൽ ഹാജരാകണം. ഫോൺ : 0481 2731035,

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ മാസ്റ്റർ ഓഫ് ടൂറിസം ആന്റ് ട്രാവൽ മാനേജ്മെന്റ് കോഴ്സിൽ 2017 - 19 അധ്യയന വർഷത്തിൽ എസ്.സി വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് യോഗ്യത. താത്പര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ആഗസ്റ്റ് 11 ന് രാവിലെ 10 മണിക്ക് സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ ഹാജരാകണം. ഫോൺ : 0481 2732922.

**ഗസ്റ്റ് അദ്ധ്യാപക ഒഴിവ്**

മഹാത്മാഗാന്ധി സർവ്വകലാശാല സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസിൽ താല്കാലിക അടിസ്ഥാനത്തിൽ ഒരു ഗസ്റ്റ് ലക്ചറർ (സ്പെഷ്യലൈസേഷൻ ഇൻ ഏവിയേഷൻ മാനേജ്മെന്റ്) ഒഴിവുണ്ട്. പോസ്റ്റ് ഗ്രാജുവേറ്റ് ഡിഗ്രി ഇൻ ടൂറിസം മാനേജ്മെന്റ് ആന്റ് അഡ്മിനിസ്ട്രേഷൻ/ എം. എം. എച്ച്, ടൂറിസം മാനേജ്മെന്റിൽ നെറ്റ് എന്നിവയാണ് യോഗ്യത. യോഗ്യതയുള്ളവർ ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം അപേക്ഷകൾ ആഗസ്റ്റ് 16 നകം വകുപ്പു മേധാവി, സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ്, മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് (പി.ഒ) കോട്ടയം - 686 560 എന്ന വിലാസത്തിൽ അയയ്ക്കുകയോ നേരിട്ട് സമർപ്പിക്കുകയോ ചെയ്യണം. വിശദവിവരങ്ങൾക്ക് ഫോൺ : 0481 - 2732922, ഇ-മെയിൽ sts@mgu.ac.in

**സഹകരണ ബാങ്ക് ക്ലർക്ക് പരിശീലനം**

കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡ് സഹകരണവകുപ്പിലെ ജൂനിയർ ക്ലാർക്ക് തസ്തികകളിലേക്കുള്ള നിയമനത്തിനായി നടത്തുന്ന പരീക്ഷയ്ക്കുള്ള പരിശീലനം മഹാത്മാഗാന്ധി സർവ്വകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്നു. സർവ്വകലാശാലാ ക്യാമ്പസിൽ വച്ച് നടത്തുന്ന പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ കോഴ്സ് ഫീസായ 2000/- രൂപയടച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ/ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 50% ഫീസിളവ് ഉണ്ടായിരിക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് ഫോൺ 0481 - 2731025.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**